**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **30-01-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പള്ളിക്കമണ്ണടി - കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി മുഖേന ചാത്തന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കുമ്മല്ലൂർ, പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി ഭൂമിയേറ്റെടുക്കലിനും അനുബന്ധ ചെലവുകൾക്കുമായി 1.5 കോടി രൂപയുള്ള ധനാനുമതി 03/04/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി നൽകിയിരുന്നു. പിന്നീട് സിവിൽ വർക്സ് കൂടി ഉൾപ്പെടുത്തി ധനാനുമതി തുക 12.57 കോടി രൂപയാക്കി പരിഷ്കരിച്ച് 20/10/2023-ലെ നടപടിക്രമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആദ്യ ഘട്ടമായി പള്ളിക്കമണ്ണടി പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ഉൾപ്പെടുന്ന ഭാഗത്തിനായി സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ.എച്ച്.എസ്, പരവൂർ ഗവ.എച്ച്.എസ്.എസ്, ഉളിയനാട് ഗവ.എച്ച്.എസ്, നെടുങ്ങോലം ഗവ.എച്ച്.എസ്, കോയിപ്പാട് ഗവ.എൽ.പി.എസ്, പരവൂർ കോട്ടപ്പുറം എൽ.പി.എസ് എന്നീ സ്കൂളുകളിൽ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിലവിലെ പുരോഗതിയുടെ വിവരങ്ങൾ ഓരോ സ്കൂളിന്റെയും ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചാത്തന്നൂർ മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1) ചിറക്കര ഗവ. എച്ച് എസ്(Rs 3 .90 Cr ) - കില സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (എസ് പി വി) ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തികരിച്ച് എഗ്രിമെന്റ് വെച്ച് സൈറ്റ് കരാറുകാരന് SPV കൈമാറിയിട്ടുണ്ട്. ടി സൈറ്റിൽ നിലവിലുള്ള ഒരു കെട്ടിടം പൊളിച്ച ശേഷം വർക്ക് ആരംഭിക്കുന്നതാണ്.<br><br>2) പറവൂർ ഗവ. എച്ച് .എസ് .എസ് - കില എസ് പി വിയായ ടി സ്കൂളിൽ കവറേജ് ഇഷ്യൂ കാരണം ഡിപിആർ സമർപ്പിക്കാൻ കാലതാമസം നേരിട്ടുണ്ട്. ടി വിഷയത്തിൽ സർക്കാരിൽ നിന്നും ഇളവ് ലഭിച്ചതിനാൽ ഡിപിആർ തയ്യാറാക്കുന്ന നടപടികൾ എസ് .പി വി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 3) ഉളിയനാട് ഗവ. എച്ച് എസ് (Rs 1 .30 Cr ) - കില എസ് പി വിയായ ടി സ്കൂളിന്റെ PED 02.11.2023 ന കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.<br><br>4) നെടുങ്ങോലം ഗവ. എച്ച് എസ് (Rs 1 .30 Cr ) - കില എസ് പി വിയായ ടി സ്കൂളിന്റെ PED 27.11.2023 ന കിഫ്ബി അംഗീകാരം നൽകുകയും തുടർന്ന് SPV വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്.<br><br>5) കോയിപ്പാട് ഗവ. എൽ പി എസ് (Rs 1 .30 Cr ) - കില എസ് പി വിയായ ടി സ്കൂളിന്റെ ഡിപിആർ 20.02.2023 ന കിഫ്ബിയിൽ സമർപ്പിച്ചിരുന്നു . ടി ഡിപിആർ കിഫ്ബിയിൽ പരിശോധിച്ചതിൻ പ്രകാരം മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാക്കുവാൻ എസ് .പി .വി യോട് ആവശ്യപ്പെട്ടത് നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് എത്രയും പെട്ടന്നു പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ് .<br><br>6 ) പറവൂർ കോട്ടപ്പുറം എൽ പി എസ് - KSCADC എസ് പി വിയായ ടി സ്കൂളിന്റെ നിർമ്മാണം നടന്നു വരുകയായിരുന്നു. തുടർന്ന് ഗുണനിലവാരത്തിലെ പിഴവ് മൂലം കരാറുകാരനെ Risk &Cost ഇൽ പിരിച്ചുവിടുകയും ബാക്കി പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി പദ്ധതി റീ ടെൻഡർ ചെയ്യുകയും ചെയ്തു. പുതിയ ടെൻഡർ ക്വട്ട് ചെയ്ത കരാറുകാരനുമായുള്ള Negotiation നടന്നു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനു ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകുവാനുള്ളതെന്നും ആയത് വേഗത്തിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നും വിശദമാക്കാമോ? | (സി) | കുമ്മല്ലൂർ, പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ ടി പദ്ധതിയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തികരിക്കണം. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>ചിറക്കര ഗവ. എച്ച് എസ് - പദ്ധതി സൈറ്റിൽ നിലവിലുള്ള ഒരു കെട്ടിടം പൊളിച്ച ശേഷം വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>പറവൂർ ഗവ.എച്ച്.എസ്.എസ്- ടി പദ്ധതിയുടെ ഡിപിആറിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കണം. തുടർന്ന് സാങ്കേതാനുമതി, PED എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കണം. തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>ഉളിയനോട് ഗവ. എച്ച് എസ് - ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>നെടുങ്ങോലം ഗവ. എച്ച് എസ് - ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>കോയിപ്പാട് ഗവ. എൽ പി എസ് - ആവശ്യപ്പെട്ട മണ്ണ് പരിശോധന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് എത്രയും പെട്ടന്നു പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . ഇതിനു ശേഷം സാങ്കേതാനുമതി, PED എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കണം. തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്ക് ആരംഭിക്കാവുന്നതാണ്. ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വികരിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.<br><br>പറവൂർ കോട്ടപ്പുറം എൽ പി എസ് - പുതിയ ടെൻഡർ ക്വട്ട് ചെയ്ത കരാറുകാരനുമായുള്ള Negotiation നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ